## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3288**

**18.10.2016 ൽ മറുപടിയ്ക്ക്**

### വിനോദസഞ്ചാരികളുടെ സംരക്ഷണം

**ചോദ്യം**

ശ്രീ.സി. ദിവാകരൻ :

**ഉത്തരം**

**ശ്രീ.എ.സി.മൊയ്തീൻ**
**[സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി]**

വിനോദസഞ്ചാരികളുടെ സംരക്ഷണത്തിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ സംരക്ഷണത്തിന് വിവിധ തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ട്രയിനിംഗ് നൽകുന്നുണ്ട്. വിനോദസഞ്ചാരികളെ ബോധവത്കരിക്കുന്നതിനും ടൂറിസം മേഖലയിൽ അപകട സാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടേയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിനു പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റു കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ബീച്ചുകളിൽ എത്തിച്ചേരുന്ന ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി മെച്ചപ്പെട്ട പരിശീലനം ലഭിച്ച ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇതിലേക്കായി ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങൾ നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സാഹര്യം വകുപ്പ് ഒരുക്കിയിട്ടുണ്ട്. ഇതിനുപുറമേ ഹൗസ് ബോട്ടുകളിൽ ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

സെക്ഷൻ ഓഫീസർ